എൻറെ പ്രിയൻ വാനിൽ വരാറായ്

കാഹളത്തിൻ ധ്വനി കേൾക്കാറായ്

മേഘെ ധ്വനി മുഴങ്ങും ദൂതരാർത്തു പാടീടും

നാമും ചേർന്നു പാടും ദൂതർ തുല്യരായ്

പൂർണ്ണ ഹൃദയത്തോടെ ഞാൻ സ്തുതിയ്ക്കും

നിൻറെ അത്ഭുതങ്ങളെ ഞാൻ വർണ്ണിയ്ക്കും

ഞാൻ സന്തോഷിച്ചീടും എന്നും സ്തുതി പാടിടും

എന്നെ സൗഖ്യമാക്കി വീണ്ടെടുത്തതാൽ

എൻറെ പ്രിയൻ…………2

പീഡിതന് അഭയസ്ഥാനം

സങ്കടങ്ങളിൽ നൽതുണ നീ

ഞാൻ കുലുങ്ങുകില്ല ഒരുനാളും വീഴില്ല

എന്നും യേശു എൻറെ കൂടെയുള്ളതാൽ

എൻറെ പ്രിയൻ………..2

തകർക്കും നീ ദുഷ്ടഭുജത്തെ

ഉടയ്ക്കും നീ നീചപാത്രത്തെ

സീയോൻ പുത്രീ ആർക്കുക എന്നും

സ്തുതിപാടുക

നിൻറെ രാജരാജൻ എഴുന്നള്ളാറായ്

എ ൻറെ പ്രിയൻ………2

---

ente priyan vanil vararai
kahalathin dwoni kelkarai
mege dwoni muzhangum dhuthar arthu padidum
namum chernnu padum dhuthar thulyarai

purna hridhayathode njan sthuthikum
ninte albhuthangale njan varnnikum
njan santhoshichidum ennum sthuthi padidum
enne saukyamaki veendeduthathal ente priyan....2

peedithanorabhayasthanam
en sankdangalil nalthuna nee
njan kulungukilla orunalum veezhilla
ente yeshvente kudeyullathal ente priyan....2

thakarkum nee dhushta bhujathe
udaykum nee neecha pathrathe
seeyon puthri arkuka ennum sthuthi paduka
ninte rajarajan ezhunnallarai ente priyan....2